**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4261** **18-07-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായത്തിന്റെ പുനഃരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ ഡി കെ മുരളി,**<br>**ശ്രീ എം നൗഷാദ് ,**<br>**ശ്രീ എം എസ് അരുൺ കുമാർ,**<br>**ശ്രീ എം മുകേഷ്** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന തോട്ടണ്ടി ദൗർലഭ്യത പരിഹരിക്കുന്നതിനായി കേരള കാഷ്യു ബോർഡ് മുഖേന സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ ഫലം കണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ) തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി രംഗത്തെ ഇടനിലക്കാരെ ഒഴിവാക്കി ഗുണമേൻമയുള്ള തോട്ടണ്ടി സംസ്ഥാനത്തിന് പുറത്തു നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുന്നതിന് വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി 2017 ൽ സർക്കാർ കേരളാ കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിച്ചു. പ്രസ്തുത ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കാഷ്യൂ ബോർഡ് രൂപീകൃതമായതു മുതൽ നാളിതുവരെ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കിയ തോട്ടണ്ടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഇറക്കുമതി ചെയ്ത തോട്ടണ്ടി (മെട്രിക് ടൺ) | കെ.എസ്.സി.ഡി.സി യ്ക്ക് നൽകിയത് (മെട്രിക് ടൺ) | കാപ്പക്സിന് നൽകിയത് (മെട്രിക് ടൺ) |
|---|---|---|---|
| 2018-2019 | 6,633.942 | 5,358.746 | 1,275.196 |
| 2019-2020 | 13,565.676 | 8,815.967 | 4,749.709 |
| 2020-2021 | 10,051.218 | 6,642.844 | 3,408.374 |
| 2021-2022 | 10,647.287 | 6,484.722 | 4,162.565 |
| Total | 40898.123 | 27302.279 | 13595.844 |

കൂടാതെ 2022-23 ൽ 5,138.968 മെട്രിക് ടൺ തോട്ടണ്ടി ഐവറി കോസ്റ്റ്, ഘാന തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയും ഗിനിബിസ്സാവുവിൽ നിന്നും 5,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെൻഡർ നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും, ഗവൺമെന്റ് മുഖാന്തിരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യതയും ആരാഞ്ഞു വരുന്നു. കാഷ്യൂ ബോർഡിന്റെ പ്രവർത്തനങ്ങളിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ ഉറപ്പ് വരുത്തുന്നതിനും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് മുഖേന സർക്കാർ നടത്തുന്ന ഇടപെടലുകൾ ഫലം കണ്ടിട്ടുണ്ട്.

(ബി) കാഷ്യൂ കോർപ്പറേഷനേയും

(ബി) കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പക്സിനേയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നിർദ്ദേശം സർക്കാർ ടി സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു.

| | | | |
|---|---|---|---|
| | കാപ്പക്സിനെയും പുനരുദ്ധരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; | | അതനുസരിച്ച് കശുവണ്ടി വികസന കോർപ്പറേഷനിൽ യന്ത്രവത്കരണം കൂടുതൽ വിപുലപ്പെടുത്തിയും പ്രോസ്സസ്സിംഗ് ചാർജ്ജ് കുറച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിച്ചും കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലപ്പെടുത്തിയും കോർപ്പറേഷൻ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നിലിവിൽ റിയാബിന്റെ പരിശോധനയിലാണ്. കൂടാതെ കാപ്പക്സ് ലാഭത്തിലാക്കുന്നതിന് നിയന്ത്രിത യന്ത്രവത്കരണം, ചെറുകിട വിൽപ്പന ഉയർത്തൽ, കശുമാവ് കൃഷി വ്യാപനം എന്നിവ ഹ്രസ്വ, ഇടക്കാല, ദീർഘ പദ്ധതികളായി ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ കാപ്പക്സ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടും ബഹുഭൂരിപക്ഷം സ്വകാര്യ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയെ സർക്കാർ ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | (സി) | തുറന്ന് പ്രവർത്തിക്കാത്ത സ്വകാര്യകശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ